www.malankaralibrary.com

# സെന്റ് തോമസ് മലങ്കര സുറിയാനി കത്തോലിക്കാ പള്ളി

## വലഞ്ചുഴി




# PARISH DIRECTORY - 2024

www.malankaralibrary.com

# Artistic Vibes...









Noble Sam Louis







www.malankaralibrary.com



www.malankaralibrary.com



www.malankaralibrary.com



www.malankaralibrary.com

# മലങ്കരയുടെ കാവൽപിതാക്കന്മാർ


Most Rev. Jacob Mar Theophilos


Most Rev. Joseph Mar Severios


Most Rev. Thomas Mar Dioscoros


Most Rev. Zacharias Mar Athanasios


Most Rev. Isaac Mar Yoohanon


Servant of God
Archbishop Geevarghese Mar Ivanios


Archbishop Benedict Mar Gregorios


Major Archbishop Cyril Mar Baselios Catholicos


Most Rev. Lawrence Mar Ephraem


Most Rev. Paulose Mar Philoxinos


Most Rev. Dr. Geevarghese Mar Divannasios


Most Rev. Geevarghese Mar Timotheos


Most Rev. Dr. Jacob Mar Barnabas

# THE MALANKARA SYRIAC CATHOLIC CHURCH




THE MAJOR ARCHBISHOP-CATHOLICOS AND BISHOPS OF THE MALANKARA SYRIAC CATHOLIC CHURCH
DURING THE HOLY EPISCOPAL SYNOD ON 20-02-2024

www.malankaralibrary.com

www.malankaralibrary.com

# മുൻ വികാരിമാർ



ഫാ. ഫിലിപ്പോസ് മേടയിൽ



ഫാ. എ. ജി. എബ്രഹാം
തെങ്ങുംതറമേടയിൽ



ഫാ. ഗീവർഗ്ഗീസ് ചരുവിലേത്ത്



ഫാ. ജോസഫ് വടക്കേക്കുറ്റ്



ഫാ. ഉമ്മൻ അയ്യനേത്ത്



ഫാ. ജോർജ്ജ് പ്ലാവിളയിൽ



ഫാ. പീറ്റർ
കോഴിമണ്ണിൽ O. I. C



ഫാ. പക്കോമിയോസ് O. I. C



ഫാ. സ്റ്റാൻസിലാവോസ്



ഫാ. ഡാമിയൻ O. I. C



ഫാ. സെലസ്റ്റിൻ O. I. C



ഫാ. പയസ് O. I. C



ഫാ. പീറ്റർ ജോൺ O. I. C

www.malankaralibrary.com

# മുൻ വികാരിമാർ


ഫാ. ബേസിൽ O. I. C


ഫാ. വർഗ്ഗീസ്
തൈക്കൂട്ടത്തിൽ O. I. C


ഫാ. സ്റ്റീഫൻ തിരുവാലിൽ
O. I. C


ഫാ. ജെറോം
പീടികപ്പറമ്പിൽ O. I. C


ഫാ. ജോസ് കുരുവിള O. I. C


ഫാ. യേശുദാസ് O. I. C


ഫാ. തോമസ് ജോർജ്ജ് O. I. C


ഫാ. സിജു തോമസ് O. I. C


ഫാ. ജോൺ
നിർമ്മലാനന്ദ് O. I. C


ഫാ. ഫിലിപ്പ്
ആന്നിയിൽ O. I. C


ഫാ. സാമുവേൽ
പനച്ചവിള O. I. C


ഫാ. ക്രിസ്റ്റി
ജോൺ O. I. C


ഫാ. റോബിൻ
കലതിവിളയിൽ

www.malankaralibrary.com

# Vocations from Parish



Late Fr. Zakharias Kuzhiparampil



Fr. George Thomas O. I. C.



Sr. Vinaya S. I. C.



Sr. Franceena S. I. C.



Bro. Bibin O. I. C.



Bro. Jesin O. I. C.

www.malankaralibrary.com

# Parish Administrators



Rev. Dr. Sijo James Charivuparambil
(Vicar)
Ph: +919562990768



Rev. Fr. Justin Paruvaplackal
(Asst. Vicar)
Ph: +918590628113



Sr. Maria Scholastica S.C.V.
(Parish Missionary)
Ph: +919446376603



Louis P. Samuel
(Trustee)
Ph: +919961631893



Chacko Joseph
(Secretary)
Ph: +917558945441

**2023 - 2024**

www.malankaralibrary.com

# Committee Members 2023 - 24



Rev. Dr. Sijo James
(Vicar)



Rev. Fr. Justin Paruvaplackal
(Asst. Vicar)



Louis P. Samuel
(Trustee)



Chacko Joseph
(Secretary)



John Babu



Thomas George



David Koshy



Thomas M. C.



Abraham George



Thomas P. T.



Mini David



Annamma Mathew



Moni Jose



Ashley Elizabeth Babu



Saji George
(Sacristan)

www.malankaralibrary.com

## ഇടവക ചരിത്രം 1931–2024

### ആമുഖം

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പന്ത്രണ്ട് ശിഷ്യരിൽ ഒരാളായ മാർ തോമാശ്ലീഹായുടെ സുവിശേഷ പ്രഘോഷണത്താൽ രൂപീകൃതമായ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ, പത്തനംതിട്ട ഭദ്രാസനത്തിലെ വലഞ്ചുഴി സെന്റ് തോമസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയം, ഈ പ്രദേശത്തിനാകമാനം വിശ്വാസത്തിന്റെ വലിയ സാഫല്യമായി നിലകൊള്ളുന്നു. പത്തനംതിട്ടയ്ക്കും കോന്നിയ്ക്കും, കുമ്പഴയ്ക്കും പൂങ്കാവിനും മദ്ധ്യേ സ്ഥിതി ചെയ്യുന്ന ശാന്ത സുന്ദരപ്രദേശമാണ് വലഞ്ചുഴി. അച്ചൻകോവിലാർ വലഞ്ചുഴി ദേവി ക്ഷേത്രത്തിന്റെ മൂന്നു വശവും ചുറ്റി ഒഴുകുന്നതിനാലാണ് ഈ പ്രദേശത്തിന് വലഞ്ചുഴിയെന്ന പേര് ലഭിച്ചത് എന്നാണ് പഴമൊഴി. ഈ നദിയുടെ രണ്ട് വ്യത്യസ്ത ദിശകളിലേയ്ക്കുള്ള പ്രവാഹം ഒരു സ്ഥലത്ത് നിന്നുതന്നെ ദർശിക്കാനാവുമെന്നത് ഈ പ്രദേശത്തെ മനോഹര കാഴ്ചയാണ്.

പുനരൈക്യപ്രസ്ഥാനത്തെപ്പറ്റി തീർത്തും അജ്ഞത നിലനിന്നിരുന്ന ഒരു കാലഘട്ടത്തിൽ പരിശുദ്ധ കത്തോലിക്കാ സഭയോട് പുനരൈക്യപ്പെടുവാൻ നിരവധി പ്രതികൂലതകൾ വിശ്വാസികളെ അലട്ടിയിരുന്നു. ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനി തുറന്നിട്ട പുനരൈക്യത്തിന്റെ പാതയിലൂടെ സഞ്ചരിക്കുവാൻ തയ്യാറായ ചില യാക്കോബായ ഓർത്തഡോക്സ് കുടുംബങ്ങൾ വലഞ്ചുഴി പ്രദേശത്തുനിന്നും കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെട്ടു. ബഥനി സന്യാസിനി സമൂഹത്തിലെ ബഹുമാനപ്പെട്ട സി. ഫിലോമിന എസ്. ഐ. സി. രചിച്ച കുമ്പഴ അച്ചന്റെ ജീവചരിത്രമായ "കർമ്മോജ്വല വ്യക്തിത്വം" എന്ന ഗ്രന്ഥത്തിൽ ഗീവർഗീസ് പതാലിൽ, പാപ്പി പതാലിൽ, സ്കറിയ മണ്ണിൽ, ഗീവർഗീസ് മണ്ണിൽ, കോശി മത്തായി മണ്ണിൽ, മത്തായി തോമാ പുളിമൂട്ടിൽ, സ്കറിയ കുഴിപ്പറമ്പിൽ എന്നിങ്ങനെ ഏഴ് പിതാക്കന്മാരും അവരുടെ കുടുംബങ്ങളുമാണ് ആദ്യമായി വലഞ്ചുഴിയിൽ നിന്ന് 1931 ൽ കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെട്ടത് എന്ന് പരാമർശിക്കുന്നു.

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ഹയരാർക്കി സ്ഥാപിതമാകും മുൻപേ അതായത്, 1931 ൽ ഭാഗ്യസ്മരണാർഹനായ യാക്കോബ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായാൽ വലഞ്ചുഴി

www.malankaralibrary.com

ഇടവക സ്ഥാപിതമായി. കാർഷിക പശ്ചാത്തലത്തിൽ നിന്ന് രൂപം കൊണ്ട ഒരു ചെറിയ കൂട്ടായ്മ, പരിശുദ്ധ സഭയോടൊത്ത് എല്ലാ അർത്ഥത്തിലും വളരുകയും പടർന്ന് പന്തലിക്കുകയും ചെയ്തതിനാൽ ഇന്ന് 101 കുടുംബങ്ങൾ ഉള്ള കൂട്ടായ്മയായി വളർന്ന് ഇടവക സ്ഥാപനത്തിന്റെ നവതിയും പിന്നിട്ട് ശതാബ്ദിയിലേക്ക് നടന്നടുക്കുന്നു. ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട ഈ ദൈവാലയം ഇന്ന് കാണുന്ന മനോഹാരിതയിലേക്കും പ്രശസ്തിയിലേക്കുമൊക്കെ എത്തിയതിന് പിന്നിൽ പൂർവ്വീകരുടെ ത്യാഗോജ്ജ്വലവും നിസ്വാർത്ഥവുമായ പ്രവർത്തനവും പ്രാർത്ഥനയും ഉണ്ടെന്നത് വിസ്മരിക്കാനാവുന്നതല്ല. പുതിയ തലമുറയ്ക്ക് ചിരപരിചിതമല്ലാത്തതും, മറന്നുപോകാൻ പാടില്ലാത്തതുമായ ദൈവാലയ ചരിത്രം, വാമൊഴിയായും വരമൊഴിയായും കൈവന്ന ചേർക്കലുകൾ തങ്ങളുടെ ഹൃദയഭിത്തികളിൽ സുവർണ്ണ ലിപികളാൽ കോറിയിടേണ്ടതുണ്ട്.

## ആദ്യത്തെ ചാപ്പൽ

പുനരൈക്യ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് അക്ഷീണം പ്രയത്നിച്ച വൈദീക ശ്രേഷ്ഠനായ ബഹുമാനപ്പെട്ട ഫീലിപ്പോസ് മേടയിൽ (കുമ്പഴ അച്ചൻ) അച്ചന്റെ അക്ഷീണ പരിശ്രമം മൂലം രൂപപ്പെട്ടതാണ് വലഞ്ചുഴി ഇടവക. പള്ളികൾ ആരംഭിക്കുന്നതിന് അനുയോജ്യമായ സ്ഥലങ്ങൾ കണ്ടുപിടിക്കുന്നതിനും, സമ്പാദിക്കുന്നതിനും മാർ ഈവാനിയോസ് തിരുമേനി ബഹു. അച്ചനെ ചുമതലപ്പെടുത്തി. ഇന്ന് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ശക്തി കേന്ദ്രമെന്ന് വിശേഷിപ്പിക്കാവുന്ന പത്തനംതിട്ട ജില്ലയിലെ അനേകം ഇടവകകൾക്ക് രൂപം നൽകുന്നതിനും, അടിസ്ഥാനമിടുന്നതിനും, വിവിധ സഭാവിഭാഗത്തിൽപ്പെട്ട ആളുകളെ പുനരൈക്യപ്പെടുത്തുന്നതിനും അച്ചൻ നൽകിയ നേതൃത്വം ശ്ലാഘനീയമാണ്. ഇങ്ങനെ പുനരൈക്യ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കായി ഇടതടവില്ലാതെ കുമ്പഴ അച്ചൻ അദ്ധ്വാനിച്ചതിന്റെ ഫലമായി രൂപപ്പെട്ടതാണ് വലഞ്ചുഴി ഇടവക. ബഹുമാന്യനായ പതാലിൽ ഗീവർഗീസ് സഭയ്ക്ക് നൽകിയ ഇരുപത് സെന്റ് ഭൂമിയിൽ, ഇന്നുള്ള ദൈവാലയത്തിന്റെ കിഴക്കു വശത്തായി ഓലയും പുല്ലും മേഞ്ഞ മേൽക്കൂരയുമായി ഒരു ചാപ്പൽ, ഭാരതത്തിന്റെ പ്രഥമ അപ്പോസ്തോലനായ വിശുദ്ധ തോമാശ്ലീഹായുടെ നാമധേയത്തിൽ ഭാഗ്യസ്മരണാർഹനായ യാക്കോബ് മാർ തെയോഫിലോസ് തിരുമനസ്സിനാൽ 1931 ൽ സ്ഥാപിതമായി.

www.malankaralibrary.com

പുനരൈക്യ പ്രസ്ഥാനത്തിന്റെ ശിൽപികളിലൊരാളായ അഭിവന്ദ്യ യാക്കോബ് മാർ തെയോഫിലോസ് തിരുമനസ്സിനാൽ സ്ഥാപിതമായ ചുരുക്കം ചില ദൈവാലയങ്ങളിലൊന്നാണ് വലഞ്ചുഴി ദൈവാലയം. ഇടവകയുടെ ആദ്യവികാരിയായിരുന്ന ബഹു. ഫീലിപ്പോസ് മേടയിലച്ചൻ പ്രതികൂലങ്ങളെയും, പ്രതിസന്ധികളേയും മറികടന്നുകൊണ്ട് ഇടവകയുടെ ആത്മീയ, ഭൗതീക വളർച്ചയ്ക്ക് ചുക്കാൻ പിടിച്ചു. സ്ഥല പരിമിതികൾ ഇടവകാംഗങ്ങളുടെ വർദ്ധനയെ നന്നായി ബാധിച്ചതിനാൽ പള്ളിയ്ക്കായി കൂടുതൽ സ്ഥലം വാങ്ങുകയും പള്ളിയിലേക്ക് റോഡ് വെട്ടുകയും ചെയ്തു. കൂടാതെ ഓലമേഞ്ഞ ചാപ്പൽ പേമാരിയിലും കാറ്റിലും ചോർന്നൊലിച്ചതിനാൽ നല്ലൊരു പള്ളി ഇടവകാംഗങ്ങൾക്ക് ആവശ്യമായി തീർന്നു. ദൈവതീക്ഷ്ണതയിൽ ജ്വലിക്കുന്നതിനും, ദൈവപരിപാലനയിൽ ശക്തിപ്പെടുന്നതിനും വേണ്ടി നിർമ്മിച്ച ചാപ്പൽ താൽക്കാലികമായതിനാൽ ഒരു പുതിയ ദൈവാലയം വേണമെന്നുള്ള ആഗ്രഹം ഇടവക ജനങ്ങളിൽ വേരൂന്നി.

## ആദ്യ ദേവാലയം

ഇടവക ജനങ്ങൾ മിഷനറിമാരെപ്പോലെ പ്രവർത്തിക്കാൻ തുടങ്ങിയതോടെ ധാരാളം ആളുകൾ കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെടാൻ തുടങ്ങി. ആരംഭകാലത്ത് നാമമാത്രമായ കുടുംബങ്ങൾ മാത്രമാണ് ഉണ്ടായിരുന്നതെങ്കിലും പിന്നീട് നിരവധി കുടുംബങ്ങൾ ഈ കൂട്ടായ്മയിലേക്ക് കടന്നുവന്നു. ആളുകൾ വർദ്ധിച്ചതോടെ ചാപ്പൽ ചെറുതായതിനാൽ നല്ലൊരു പള്ളി ഇടവകാംഗങ്ങൾക്ക് ആവശ്യമായി തീർന്നു. പുതിയ ദൈവാലയത്തിന്റെ നിർമ്മാണത്തെക്കുറിച്ചുള്ള ആലോചനയ്ക്ക് വെളിച്ചം കിട്ടുവാനും, അരമനയിൽ നിന്നുള്ള അനുവാദം ലഭിക്കുന്നതിനുള്ള നടപടികൾ തുടങ്ങുന്നതിനും, 1942 മാർച്ച് 6 ന് വന്ദ്യ ചേപ്പാട്ട് ഫീലിപ്പോസ് റമ്പാച്ചന്റെ വലഞ്ചുഴി ഇടവക സന്ദർശനം, വലിയ ഒരു വഴിത്തിരിവായി എന്ന് നിസ്സംശയം പറയാം. സത്യവിശ്വാസം ജനഹൃദയങ്ങളിൽ ഉറപ്പിക്കുന്നതിനും, കത്തോലിക്കാ സംസർഗത്തിലേക്ക് പുനരൈക്യപ്പെട്ടവരെ ഇടവകയോട് ചേർക്കുന്നതിനും വന്ദ്യ റമ്പാച്ചന്റെ സന്ദർശനത്തിന് കഴിഞ്ഞു. താൽക്കാലിക ചാപ്പലിൽ ആരാധനാവശ്യങ്ങൾക്ക് ഏറെ പരിമിതികൾ ഉള്ളതിനാലും കൂട്ടായ്മ ഇതിനോടകം ദ്രുതഗതിയിൽ വളർന്നുവന്നതിനാലും 1942 ൽ ഇവിടെ ഒരു ദേവാലയത്തിന്റെ നിർമ്മാണം ആരംഭിച്ചു.

ആദ്യകാലങ്ങളിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ വൈദികരുടെ എണ്ണം കുറവായിരുന്നതിനാൽ, സ്വഭവനത്തിൽ നിന്നും

www.malankaralibrary.com

സൗകര്യപ്പെടുന്ന ഞായറാഴ്ചകളിൽ വിശുദ്ധ കുർബ്ബാന അർപ്പിക്കുന്നതിനായി കുമ്പഴ അച്ചൻ കാൽനടയായി ഇവിടെ എത്തുകയും കൂദാശകൾ പരികർമ്മം ചെയ്യുകയും ചെയ്തിരുന്നു. ആദ്യകാലങ്ങളിൽ 'വട്ടക്കുളഞ്ഞി പള്ളി' എന്ന പേരിലാണ് വലഞ്ചുഴി പള്ളി അറിയപ്പെട്ടിരുന്നത്. ഇവിടെ വിശുദ്ധ കുർബ്ബാന ഇല്ലാത്ത ഞായറാഴ്ചകളിൽ വലഞ്ചുഴി ഇടവകക്കാർ കുമ്പഴ പള്ളിയിൽ നടന്നു ചെന്ന് വിശുദ്ധ കുർബ്ബാനയിൽ സംബന്ധിച്ചിരുന്നു. വിശ്വാസ തീഷ്ണതയിൽ ജ്വലിച്ചിരുന്നെങ്കിലും സാമ്പത്തികമായി വളരെ ഞെരുക്കം അനുഭവപ്പെട്ടിരുന്ന കാലമായതിനാൽ ദൈവാലയ നിർമ്മാണത്തിന് കാലതാമസം ഉണ്ടായി. ബഹു. കുമ്പഴ അച്ചൻ തുടങ്ങിവെച്ച ദൈവാലയ നിർമ്മാണം, തുടർന്ന് വികാരിയായി വന്ന ബഹു. എ. ജി. ഏബ്രഹാം തെങ്ങുംതറമേടയിൽ (മൈലപ്ര അച്ചൻ) അച്ചൻ ഏറ്റെടുത്തു. ദൈവാലയ നിർമ്മാണത്തിലും ഇടവക വളർത്തലിലും അച്ചൻ കാണിച്ച വലിയ തീഷ്ണത സ്മരണീയമാണ്. അദ്ദേഹത്തെ തുടർന്ന് ബഹു. ഫാ. ഗീവർഗീസ് ചരുവിലേത്ത് (പന്തളത്തച്ചൻ) വികാരിയായി. മുൻ വികാരിമാർ തുടങ്ങിവെച്ച ദൈവാലയ നിർമ്മാണം അദ്ദേഹം പൂർത്തിയാക്കി. ബഹു. പന്തളച്ചന്റെ ആത്മാർത്ഥവും നിസ്വാർത്ഥവുമായ സേവനം ഒന്നുമാത്രമാണ് ഈ ദൈവാലയം ഒരു യാഥാർത്ഥ്യമാക്കി തീർത്തത്. പുതിയ ദൈവാലയത്തിന്റെ നിർമ്മാണം കരിങ്കല്ലും, തടിയും ഉപയോഗിച്ചുള്ളതും, മേൽക്കൂര ഓട് പാകിയതും ആയിരുന്നു. ഈ ഇടവകയിലെ പൂർവ്വപിതാക്കന്മാരുടെ നിരന്തരമായ പ്രാർത്ഥനകളുടെയും പ്രയത്നങ്ങളുടെയും ഫലമായി 70 അടി നീളവും, 25 അടി വീതിയുമുണ്ടായിരുന്ന ആദ്യ ദൈവാലയത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച്, 1947 ഫെബ്രുവരി 9-ാം തീയതി ഭാഗ്യസ്മരണാർഹനും, പുനരൈക്യ ശിൽപ്പിയുമായ ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ കൂദാശ ചെയ്ത് നാടിന് സമർപ്പിച്ചു.

വലഞ്ചുഴി ദൈവാലയം കൂദാശ ചെയ്യുന്നതിന് ഒരു മാസം മുൻപ് 1947 ജനുവരി 10-ാം തീയതി പൂങ്കാവിൽ പരിശുദ്ധ ദൈവമാതാവിന്റെ നാമധേയത്തിൽ സ്ഥാപിതമായ ദൈവാലയം ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ കൂദാശ ചെയ്തു. ദൈവാശ്രയത്വവും കഠിനാധ്വാനവും മാത്രം കൈമുതലായുള്ള ഒരു ചെറിയ സമൂഹമായിരുന്നു അന്ന് വലഞ്ചുഴിയിൽ ഉണ്ടായിരുന്നത്. സാങ്കേതിക വിദ്യകളും നിർമ്മാണ മേഖലയും വളരുന്നതിന് വളരെക്കാലം മുൻപ് ഒരു കാർഷിക കൂട്ടായ്മ അവരുടെ അധ്വാനത്തിന്റെയും വിയർപ്പിന്റെയും ഫലം നൽകി കെട്ടിയുയർത്തിയ ദൈവാലയമാണ് 1947

www.malankaralibrary.com

ഫെബ്രുവരി മാസം 9-ാം തീയതി ദൈവജനത്തിന് സമർപ്പിക്കപ്പെട്ട ത്. കൂദാശയ്ക്കായി ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് തലേ ദിവസം തന്നെ ദൈവാലയത്തിൽ എത്തുകയും തിരുനാൾ റാസയിൽ പങ്കെടുത്ത് ദൈവാലയത്തിൽ തന്നെ താമസിക്കുകയും ചെയ്തു. ഫെബ്രുവരി 9-ാം തീയതി ദൈവാലയ കൂദാശയെ തുടർന്ന് നടത്ത പ്പെട്ട വി. മൂന്നിന്മേൽ കുർബ്ബാനയിൽ വന്ദ്യ ചേപ്പാട്ട് ഫീലിപ്പോസ് റമ്പാച്ചനും, ഇടവക വികാരി ബഹു. ഗീവർഗീസ് ചരുവിലേത്ത് അച്ചനും സഹകാർമ്മികരായിരുന്നു.

## ആദ്യകാല വികാരിമാർ

ഇടവക സമൂഹത്തിന്റെ ആത്മീയമായ ആവശ്യകതയിലേക്ക് ഇറ ങ്ങിച്ചെന്ന് ആദ്യ ദൈവാലയത്തിന്റെ നിർമ്മാണത്തിനും, അതിന്റെ പൂർത്തീകരണത്തിനും ചുക്കാൻ പിടിച്ച ബഹു. ഫീലിപ്പോസ് മേടയി ലച്ചന്റെയും, ബഹു. എ. ജി. ഏബ്രഹാം തെങ്ങുംതറമേടയിൽ അച്ച ന്റെയും, ബഹു. ഗീവർഗീസ് ചരുവിലേത്ത് അച്ചന്റെയും, നിസ്വാർത്ഥ മായ പിന്തുണയും പ്രാർത്ഥനയും വലഞ്ചുഴി ഇടവക എക്കാലവും നന്ദിയോടെ സ്മരിക്കേണ്ട വസ്തുതയത്രേ.

തുടർന്ന് 1950 മുതൽ ബഹു. ഫാ. ജോസഫ് വടക്കേക്കൂറ്റ് ഇട വക വികാരിയായി നിയമിതനായി. അർപ്പണബോധമുള്ള ഒരു വൈദീ കനായിരുന്നു അദ്ദേഹം. തന്റെ ഇടവകയിലെ വിശ്വാസികളുടെ ആത്മീയ ശുശ്രൂഷ നിർവ്വഹിക്കുന്നതിലും ഇടവക ജനങ്ങളോടുള്ള സ്നേഹബന്ധം കാത്ത് സൂക്ഷിക്കുന്നതിലും അദ്ദേഹം ശ്രദ്ധാലുവാ യിരുന്നു. പിന്നീട് ഫാ. ഉമ്മൻ അയ്യനേത്ത്, ഫാ. ജോർജ്ജ് പ്ലാവിള യിൽ എന്നീ വന്ദ്യ വൈദീകരുടെ സേവനവും ഈ ഇടവകയ്ക്ക് ലഭി ച്ചു. ഇടവകയെ ആദ്ധ്യാത്മിക ചൈതന്യമുള്ള ഒരു കൂട്ടായ്മയായി വളർത്തുന്നതിലും ഇടവകയുടെ സാമൂഹിക ബന്ധം വളർത്തുന്നതിലും ഈ വൈദീകർ ശ്രദ്ധിച്ചിരുന്നു. 1964 ൽ കുമ്പഴയിൽ ബഥനി സന്യാസ സമൂഹത്തിന്റെ ഒരു ആശ്രമം സ്ഥാപിതമായതോടെ ആശ്രമത്തോട് അടുത്തുള്ള കുമ്പഴ, കിഴവള്ളൂർ, പൂങ്കാവ്, വലഞ്ചുഴി എന്നീ ദേവാ ലയങ്ങൾ ആശ്രമത്തിന്റെ ചുമതലയിലായി.

## ബഥനി സന്യാസ സമൂഹവും വലഞ്ചുഴി ഇടവകയും

ഫാ. പീറ്റർ ഒ.ഐ.സി 1965 ൽ ഇടവക വികാരിയായി സ്ഥാനമേ റ്റതോടുകൂടി ബഥനി സന്യാസ സമൂഹം വലഞ്ചുഴി ഇടവകയുടെ സാരഥ്യം ഏൽക്കുകയായിരുന്നു. ഇടവകയ്ക്ക് ആത്മീയ ഭൗതീക

www.malankaralibrary.com

വളർച്ചകൾ നൽകുന്നതിന് അദ്ദേഹത്തിന്റെ ശുശ്രൂഷ ഏറെ സഹായിച്ചിരുന്നു. തുടർന്ന് 1966 ജൂലൈ 31-ാം തീയതി ഫാ. പക്കോമിയോസ് ഒ.ഐ.സി. വികാരിയായി. അദ്ദേഹത്തിന്റെ നിസ്തുല സേവനം ഈ കൂട്ടായ്മയുടെ വളർച്ചയ്ക്കും ഉന്നമനത്തിനും ഗണ്യമായ പങ്ക് വഹിച്ചു എന്ന് പറയാതെ വയ്യ. ആദ്ധ്യാത്മീകതയിൽ ഊന്നിയുള്ള ത്വരിതമായ മുന്നേറ്റമായിരുന്നു ഇടവകയ്ക്ക് കാലം കാത്തുവച്ചിരുന്നത്. ശേഷം 1968 ജൂലൈ 18-ാം തീയതി ഫാ. സ്റ്റാൻസിലാവോസ് ഒ.ഐ.സി. വികാരിയായി. ഇടവകയെ ആദ്ധ്യാത്മിക ചൈതന്യമുള്ള ഒരു കൂട്ടായ്മയായി വളർത്തുന്നതിൽ രണ്ടു വർഷത്തെ അദ്ദേഹത്തിന്റെ ശുശ്രൂഷ ഗണ്യമായ പങ്ക് വഹിച്ചു.

അദ്ദേഹത്തെ തുടർന്ന് 1970 മെയ് മാസം 15-ാം തീയതി ബഹു. ഡാമിയൻ ഒ.ഐ.സി. അച്ചൻ ഇടവകയുടെ അമരക്കാരനായി. ഇടവക രൂപത്തിലും ഭാവത്തിലും വലിയ പരിവർത്തനങ്ങൾ ഉൾക്കൊണ്ട കാലമായിരുന്നു അത്. പിന്നീട്, അദ്ദേഹത്തിന്റെ സേവനത്തെ തുടർന്ന് 1974 ഓഗസ്റ്റ് 22-ാം തീയതി ഫാ. സെലസ്റ്റിൻ ഒ.ഐ.സി. ചുമതലയേറ്റു. ദൈവാലയ കവാടത്തിൽ കുമ്പഴ - പൂങ്കാവ് റോഡിനോട് ചേർന്ന് ഒരു കുരിശ്ശടി സ്ഥാപിക്കപ്പെട്ടത് അച്ചന്റെ കാലത്താണ്. വിശുദ്ധ തോമാ ശ്ലീഹായുടെ നാമധേയത്തിൽ സ്ഥാപിക്കപ്പെട്ട കുരിശ്ശടി അഭിവന്ദ്യ ബനഡിക്റ്റ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ വന്ദ്യ കരങ്ങളാൽ കൂദാശ ചെയ്യപ്പെടുകയും ചെയ്തു. നാനാജാതി മതസ്ഥരായ പ്രദേശ വാസികൾ വിശുദ്ധന്റെ മദ്ധ്യസ്ഥതയിൽ അനുഗ്രഹം പ്രാപിച്ചുകൊണ്ടിരിക്കുന്നു.

ഇടവകയുടെ സർവ്വതോന്മുഖമായ വളർച്ചയിൽ ഗണ്യമായ പങ്ക് വഹിച്ച സെലസ്റ്റിൻ ഒ.ഐ.സി. അച്ചനെ തുടർന്ന് വീണ്ടും 1980 ൽ ബഹു. ഡാമിയൻ ഒ.ഐ.സി. അച്ചൻ ഈ ഇടവകയുടെ ഇടയനായി. വിശ്രമത്തിന് സാധ്യതയേതുമില്ല, പ്രവൃത്തിയാണ് പ്രാർത്ഥനയെന്ന ഉത്തമബോധ്യം ഉണ്ടായിരുന്ന ഒരു വന്ദ്യ വൈദീകനായിരുന്നു അദ്ദേഹം. ദൈവാലയത്തിന്റെ കട്ടിളകളും ജനലുകളും ജീർണ്ണിച്ചതിനാൽ അവ മാറ്റി കോൺക്രീറ്റ് കട്ടിളകളും ജനലുകളും വെയ്ക്കുന്നത് അച്ചന്റെ കാലത്താണ്. കർമ്മനിരതനായി ഉദയസൂര്യനെപ്പോലെ വലഞ്ചുഴി ഇടവകയെ കരുതിയ ബഹു. ഡാമിയൻ ഒ.ഐ.സി. അച്ചനെ തുടർന്ന് 1984 ഡിസംബർ 18-ാം തീയതി ബഹു. പയസ് ഒ.ഐ.സി. അച്ചൻ ഇടവകയുടെ വികാരിയായി. അദ്ദേഹം അഞ്ചൽ സെന്റ് ജോൺസ് കോളേജിലെ അദ്ധ്യാപകൻ കൂടിയായിരുന്നു. ശാരീരിക അസ്വാസ്ഥ്യം മൂലം ഒരു വർഷം മാത്രമേ അദ്ദേഹത്തിന് ഈ ഇടവക

www.malankaralibrary.com

യിൽ പ്രവർത്തിക്കാൻ കഴിഞ്ഞുള്ളൂ. ഇടവകയ്ക്ക് ശക്തമായ നേതൃത്വം നൽകിയ അദ്ദേഹത്തിനുശേഷം ബഹു. പീറ്റർ ജോൺ ഒ. ഐ.സി. അച്ചൻ വികാരിയായി ചുമതലയേറ്റു. ഒരു വർഷമേ അദ്ദേഹവും ഇവിടെ സേവനം അനുഷ്ഠിച്ചുള്ളൂ. അദ്ദേഹത്തിനുശേഷം ബഹു. ബേസിൽ ഒ.ഐ.സി. അച്ചൻ വികാരിയായി ചുമതലയേറ്റു. മൂന്നു വർഷക്കാലമാണ് അദ്ദേഹത്തിന്റെ ശുശ്രൂഷ ഈ ഇടവകയ്ക്ക് ലഭിച്ചത്. ഇടവകയുടെ പൊതുവായ വളർച്ചയ്ക്ക് ആവശ്യമായ പ്രവർത്തനങ്ങൾ ചെയ്യുന്നതിൽ അദ്ദേഹം തൽപരനായിരുന്നു. ദൈവാലയത്തിന് ഒരു മോണ്ടളം നിർമ്മിച്ച് ദൈവാലയം കൂടുതൽ മനോഹരമാക്കിയത് അദ്ദേഹത്തിന്റെ കാലയളവിലാണ്.

ബഹു. ബേസിൽ ഒ.ഐ.സി. അച്ചനെ തുടർന്ന് ബഹു. വർഗ്ഗീസ് തൈക്കൂട്ടത്തിൽ ഒ.ഐ.സി. അച്ചൻ ഇടവകയുടെ വികാരിയായി സ്ഥാനമേറ്റു. ഏതാണ്ട് മൂന്ന് വർഷക്കാലം അദ്ദേഹം ഈ ഇടവകയെ വളർത്തി. ഒരു യുവവൈദീകനായിരുന്ന അദ്ദേഹം യുവാക്കളെയും എല്ലാ ജനങ്ങളെയും സഹകരിപ്പിച്ച് ഇടവകയിൽ ആത്മീകവും ഭൗതീകവുമായ ഉണർവ്വ് നൽകി. അദ്ദേഹത്തിന്റെ സേവനം ഈ ഇടവകയ്ക്ക് അനുഗ്രഹപ്രദമായിരുന്നു എന്നതിൽ തർക്കമില്ല. അദ്ദേഹത്തെ തുടർന്ന് ബഹു. ഡാമിയൻ ഒ.ഐ.സി. അച്ചൻ വീണ്ടും വികാരി സ്ഥാനമേറ്റു. ഇത് മൂന്നാം തവണയാണ് അദ്ദേഹം ഈ ഇടവകയുടെ സാരഥ്യം ഏൽക്കുന്നത്. ഇപ്രാവശ്യവും കർമ്മനിരതനായ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ സജീവമായിരുന്നു. ഒരു ഓഫീസ് മുറിയുടെ അഭാവം തിരിച്ചറിഞ്ഞ അദ്ദേഹം ദൈവാലയത്തോടു ചേർന്ന്, ഇപ്പോൾ നിൽക്കുന്ന ഓഫീസ് കെട്ടിടത്തിന്റെ താഴത്തെ നിലയിൽ, ഒരു ഓഫീസ് മുറി നിർമ്മിച്ചു. മൂന്ന് തവണയായി ഏകദേശം 17 വർഷത്തോളം അതീവ ത്യാഗമനോഭാവത്തോടെ ഇടവക വികാരിയായും അതോടൊപ്പം ഇടവകയുടെ ആത്മീയവും ഭൗതീകവുമായ വളർച്ചയിൽ അക്ഷീണം പ്രയത്നിച്ച ആത്മീയ ആചാര്യനായ വന്ദ്യ ഡാമിയൻ ഒ.ഐ.സി. അച്ചന്റെ ആത്മ സമർപ്പണം വിസ്മരിക്കാനാവില്ല.

ബഹു. ഡാമിയനച്ചന്റെ പിൻഗാമിയായി എത്തിയത് ബഹു. സ്റ്റീഫൻ തിരുവാലിൽ ഒ.ഐ.സി. അച്ചനാണ്. 2000 ജൂലൈ 16-ാം തീയതി ഈ ഇടവകയുടെ വികാരിയായി ചുമതലയേറ്റ അദ്ദേഹം ദൈവാലയത്തിലേക്കുള്ള റോഡ് കോൺക്രീറ്റ് ചെയ്ത് വൃത്തിയാക്കുന്നതുൾപ്പെടെ ഇടവകയുടെ പൊതുവായ വളർച്ചയ്ക്ക് വേണ്ട എല്ലാ സഹായവും നൽകിയിരുന്നു. അദ്ദേഹത്തിനുശേഷം 2005 ൽ ബഹു. ജറോം പീടികപ്പറമ്പിൽ ഒ.ഐ.സി. അച്ചൻ വികാരിയായി ചുമതലയേ

www.malankaralibrary.com

റ്റു. വലഞ്ചുഴി ഇടവകയുടെ പ്ലാറ്റിനം ജൂബിലി ആഘോഷിച്ച ആ വർഷം അതിന്റെ ഓർമ്മയ്ക്കായി മനോഹരമായ ദൈവാലയ കവാടം സ്ഥാപിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. വളരെ ഊർജ്ജസ്വലനായി ഇടവകയിൽ ശുശ്രൂഷ ചെയ്ത അദ്ദേഹത്തെ തുടർന്ന് ബഹു. ജോസ് കുരുവിള ഒ.ഐ.സി. അച്ചൻ വികാരിയായി ചുമതലയേറ്റു. "എന്റെ നാമം ഇവിടെ എന്നേക്കും നിലനിൽക്കേണ്ടതിന് ഞാൻ ഈ ആലയം തിരഞ്ഞെടുത്ത് വിശുദ്ധീകരിച്ചതിനാൽ എന്റെ ഹൃദയപൂർവ്വമായ കടാക്ഷം സദാ ഇതിന്മേൽ ഉണ്ടായിരിക്കും" (2 ദിന. 7:16). ദൈവത്തിന്റെ അനന്തമായ ഈ വാഗ്ദാനം പൂർത്തീകരിക്കപ്പെടേണ്ടതിനാൽ, കാലാനുസൃതമായി 2006 ൽ റവ. ഡോ. ജോസ് കുരുവിള ഒ. ഐ. സി. വലഞ്ചുഴി ഇടവകയുടെ അമരക്കാരനായി.

## പുതിയ ദേവാലയം

വലഞ്ചുഴി ഇടവകയുടെ ആത്മീയവും ഭൗതീകവുമായ വളർച്ചയിൽ ബഹു. ജോസ് കുരുവിള ഒ. ഐ. സി. അച്ചൻ കാണിച്ച താൽപ്പര്യം അനന്യമാണ്. 2006 ൽ ഇടവക വികാരിയായി ചുമതലയേറ്റ കാലയളവിൽ തന്നെ 60 വർഷത്തിൽപ്പരം പഴക്കമുള്ള പഴയ ദൈവാലയത്തിന്റെ പരിമിതികൾ മനസ്സിലാക്കുവാൻ അദ്ദേഹത്തിന് സാധിച്ചു. കൂട്ടായി നിന്ന് പ്രാർത്ഥിക്കുവാൻ സ്ഥലത്തിന്റെ പരിമിതി വിശ്വാസികളെയും അലട്ടിയിരുന്നു. ഇടവക അംഗങ്ങളുടെ വിശ്വാസ തീക്ഷ്ണതയും കുരുവിള അച്ചന്റെ പ്രാർത്ഥനയും നേതൃത്വവും ദൈവാലയ നിർമ്മാണത്തിന് കരുത്തേകി. പുതിയ ദൈവാലയ നിർമ്മാണത്തിന് അനുവാദം തന്ന ഭാഗ്യസ്മരണാർഹനായ മോറാൻ മോർ സിറിൾ ബസ്സേലിയോസ് കാതോലിക്കാ ബാവായെ കൃതജ്ഞതയോടെ ഇത്തരുണത്തിൽ അനുസ്മരിക്കുന്നു.

2008 ഏപ്രിൽ മാസം 1 -ാം തീയതി ബഹു. വികാരിയച്ചന്റെ നേതൃത്വത്തിൽ ഇടവക ഭാരവാഹികൾ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസ്സേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവായെ സന്ദർശിച്ച് പുതിയ പള്ളി പണിയുവാൻ അനുമതിയപേക്ഷയും, പണിയുവാൻ പോകുന്ന പള്ളിയുടെ രൂപരേഖകളും സമർപ്പിച്ചു. അത്യഭിവന്ദ്യ കാതോലിക്കാ ബാവാ തിരുമേനി പുതിയ പള്ളിയുടെ രൂപരേഖ അംഗീകരിച്ച് പള്ളി പണിയുന്നതിനുള്ള അനുമതി നൽകി. അതിൻപ്രകാരം അവിഭക്ത തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ വികാരി ജനറാൾ ആയിരുന്ന റൈറ്റ് റവ. ജയിംസ് പാറവിള കോർഎപ്പിസ്കോപ്പാ അച്ചൻ, പൊളിച്ചു നീക്കുന്ന പള്ളിയിലെ

www.malankaralibrary.com

അവസാന ദിവ്യബലി അർപ്പിച്ചു. 2008 ആഗസ്റ്റ് മാസം 17-ാം തീയതി മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവാ, പുതുതായി പണിയുന്ന ദൈവാലയത്തിന്റെ ശിലാസ്ഥാപനം നിർവ്വഹിച്ചു.

സാമ്പത്തികത്തിലുപരി, ശാരീരികമായ അധ്വാനത്തിലൂടെയും, ശ്രമദാനത്തിലൂടെയും ഇടവകയിലെ ഓരോരുത്തരുടെയും ത്യാഗം ഈ ദൈവാലയ നിർമ്മിതിയിൽ വന്നിട്ടുണ്ടെന്നുള്ള വസ്തുത നിസ്സംശയം പറയാം. നിരവധി അകത്തോലിക്കാ വിശ്വാസികളും, കുമ്പഴ, പൂങ്കാവ്, കിഴവള്ളൂർ എന്നീ ഇടവകയിലെ വിശ്വാസികളും, മൗണ്ട് ബഥനി സ്ഥാപനത്തിലെ അഭ്യുദയകാംക്ഷികളും, നല്ലവരായ പല നാട്ടുകാരും ദൈവാലയ നിർമ്മാണത്തിലുടനീളം കുടെയുണ്ടായിരുന്നു എന്ന് എടുത്ത് പറയേണ്ടിയിരിക്കുന്നു. ഏകദേശം 104 അടി നീളവും $36^1/_2$ അടി വീതിയും ഉള്ള മനോഹരമായ പുതിയ ദൈവാലയം ഏതാണ്ട് രണ്ട് വർഷത്തിനുശേഷം 2010 നവംബർ 27-ാം തീയതി പത്തനംതിട്ട ഭദ്രാസനത്തിന്റെ പ്രഥമ ഇടയൻ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസ്സോസ്റ്റം മെത്രാപ്പോലീത്തായുടെ അനുഗ്രഹീത കരങ്ങളാൽ കൂദാശചെയ്യപ്പെട്ട് ദൈവജനത്തിന് സമർപ്പിക്കപ്പെട്ടു.

പത്തനംതിട്ട ഭദ്രാസനം നിലവിൽ വന്നശേഷം ആദ്യമായി കൂദാശചെയ്യപ്പെട്ട ഈ ദൈവാലയത്തിന്റെ കൂദാശകർമ്മത്തിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ അഭി. ജോഷ്വാ മാർ ഇഗ്നാത്തിയോസ്, അഭി. തോമസ് മാർ അന്തോണിയോസ് എന്നീ മെത്രാപ്പോലീത്താമാരും, ധാരാളം വൈദീകരും, സന്യസ്തരും, സമീപ ഇടവക അംഗങ്ങളും, നല്ലവരായ നാട്ടുകാരും പങ്കെടുത്തു.

ഇടവക രൂപത്തിലും ഭാവത്തിലും വലിയ പരിവർത്തനങ്ങൾ ഉൾക്കൊണ്ട കാലഘട്ടമായിരുന്നു ഇത്. ദൈവാലയ നിർമ്മാണ സമയത്ത് താൽക്കാലിക ചാപ്പൽ ആയി ഉപയോഗിച്ചിരുന്ന കെട്ടിടം, പുതിയ ദൈവാലയം കൂദാശ ചെയ്ത ശേഷം സൺഡേസ്കൂൾ കെട്ടിടമായി ഉപയോഗിച്ചതും, പ്ലാറ്റിനം ജൂബിലി സ്മാരകമായി പണികഴിപ്പിച്ച ദൈവാലയ കവാടം നവീകരിച്ചതും, ബഹു. ജോസ് കുരുവിള ഒ.ഐ.സി. അച്ചന്റെ കാലഘട്ടത്തിൽ ആണ്. ഏകദേശം ആറ് വർഷക്കാലം വലഞ്ചുഴി ഇടവകയിൽ സേവനം അനുഷ്ഠിച്ച ബഹു. ജോസ് കുരുവിള ഒ.ഐ.സി. അച്ചന്റെ നിസ്വാർത്ഥമായ പിന്തുണയും പ്രാർത്ഥനയും ഇടവക എക്കാലവും നന്ദിയോടെ സ്മരിക്കേണ്ട വസ്തുതയത്രെ. ഭാരിച്ച ഉത്തരവാദിത്തങ്ങളുണ്ടായിരുന്ന ബഹു. കുരുവിള അച്ചനെ, ഈ കാലയളവിൽ സഹായിച്ചു കൊണ്ട്, വലഞ്ചുഴി ഇടവകയുടെ സഹവികാരിയായി ബഹു. യേശുദാസ് ഒ.ഐ.സി. അച്ചന്റെ സാന്നിധ്യം ഇടവകയിൽ ഉണ്ടായിരു

www.malankaralibrary.com

ന്നു. വികാരിയച്ചന്റെ അസാന്നിധ്യത്തിൽ ദൈവാലയത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിച്ചുകൊണ്ട് അദ്ദേഹം ഒപ്പമുണ്ടായിരുന്നു.

ബഹു. ജോസ് കുരുവിള അച്ചനുശേഷം ബഹു. തോമസ് ജോർജ്ജ് ഒ.ഐ.സി. അച്ചൻ വികാരിയായി ചുമതലയേറ്റു. ഈ ഇടവകയുടെ വികാരി എന്ന ചുമതല വഹിക്കുന്നതിന് മുൻപ് തന്നെ പുതിയ ദൈവാലയ നിർമ്മിതിയിൽ അച്ചന്റെ പ്രത്യേക ശ്രദ്ധയും സഹായവും ഉണ്ടായിരുന്നു. പള്ളിയുടെ മുമ്പിലുള്ള മതിൽകെട്ടി ബലപ്പെടുത്തിയതും, വാഹനങ്ങൾ ഇടുന്നതിനായി പാർക്കിംഗ് ഗ്രൗണ്ട് നിർമ്മിച്ചതും അദ്ദേഹത്തിന്റെ ശുശ്രൂഷാകാലയളവിലാണ്. ബഹു. തോമസ് ജോർജ്ജ് ഒ.ഐ.സി. അച്ചനെ തുടർന്ന് ബഹു. സിജു തോമസ് ഒ. ഐ.സി. അച്ചൻ ഇടവക വികാരിയായി ചുമതലയേറ്റു. കേവലം ചുരുങ്ങിയ കാലയളവിൽ മാത്രമാണ് അദ്ദേഹത്തിന്റെ സേവനം ഇടവകയ്ക്ക് ലഭിച്ചത്.

ശേഷം 2014 ൽ ബഹു. ജോൺ നിർമ്മലാനന്ദ് ഒ.ഐ.സി. അച്ചൻ ഇടവകയുടെ ചുമതലയേറ്റു. കാലഘട്ടത്തിനനുരൂപരായ ഇടയന്മാരെ ദൈവം തന്റെ ജനത്തെ നയിക്കുവാൻ അയക്കാറുണ്ട്. തന്റെ ഇടവക ജനങ്ങളെ ദൈവത്തോട് കൂടുതൽ അടുപ്പിക്കുന്നതിലും യുവജനങ്ങളെ പ്രത്യേകമായും ആരാധനാജീവിത്തോട് ചേർത്ത് നിർത്തുന്നതിലും ബഹു. ജോൺ നിർമ്മലാനന്ദ് അച്ചൻ തികച്ചും ശ്രദ്ധാലുവായിരുന്നു. ഓഫീസ് കെട്ടിടത്തിന്റെ രണ്ടാംനില പണിത് കൂടുതൽ സൗകര്യപ്രദമായരീതിയിൽ അതിനെ ദൈവാലയത്തിന് സമർപ്പിച്ചത് അദ്ദേഹത്തിന്റെ കാലയളവിലാണ്. വലഞ്ചുഴി എം.സി.വൈ.എം. യൂണിറ്റിനെ സംബന്ധിച്ചിടത്തോളം ഈ കാലഘട്ടം സുവർണ്ണ കാലഘട്ടം ആയിരുന്നു എന്ന് പറയാതെ വയ്യ. ഇരുപതു ലക്ഷം രൂപ സമാഹരിച്ചുകൊണ്ട് ഇടവകയിലേയും, ഇടവകയ്ക്ക് പുറത്തുമായി അർഹരായവരുടെ ഭവനനിർമ്മാണ പദ്ധതിയിൽ പങ്കാളികളായതുൾപ്പെടെ കാരുണ്യപ്രവർത്തികളിലൂടെ പത്തനംതിട്ട ഭദ്രാസനത്തിലെ മികച്ച യൂണിറ്റായി ഇടവകയിലെ എം.സി.വൈ.എം. യൂണിറ്റിനെ തിരഞ്ഞെടുത്തത് ബഹു. നിർമ്മലാനന്ദ് ഒ.ഐ.സി. അച്ചന്റെ കാലയളവിലാണ്.

ഇടവകയുടെ ആത്മീയ ശുശ്രൂഷകൾക്ക് അനുയോജ്യമായ ഒരു സന്യാസിവര്യന്റെ സാന്നിദ്ധ്യം ആവശ്യമായതുകൊണ്ടാകാം ബഹു. ഫിലിപ്പ് ആന്നിയിൽ ഒ. ഐ. സി. അച്ചൻ 2017 ൽ ഇടവകയുടെ വികാരിയായി ചുമതലയേറ്റു. തന്റെ ഇടവകയുടെ സമഗ്രമായ വളർച്ചയിൽ

www.malankaralibrary.com

സദാ ജാഗരൂകനായിരുന്ന അദ്ദേഹം തന്റെ ഇടവക മക്കൾക്ക് എല്ലാ ദിവസവും വിശുദ്ധ കുർബ്ബാന എന്ന അനുഭവം നൽകുകയുണ്ടായി. എല്ലാ ദിവസവും വിശുദ്ധ കുർബ്ബാനയും ശനിയാഴ്ചകളിൽ പരിശുദ്ധ ദൈവ മാതാവിനോടുള്ള നൊവേനയും നടത്തപ്പെട്ടത് അച്ചൻ വികാരിയാ യിരുന്ന സമയത്തെ ഏറ്റവും ശ്ലാഘനീയമായ വസ്തുതയാണ്. ഇടവ കയുടെ സെമിത്തേരിയുടെ മതിൽ കെട്ടിയതും, സെമിത്തേരി കൂടു തൽ ഭംഗിയാക്കിയതും അദ്ദേഹത്തിന്റെ കാലത്താണ്. ബഹു. ഫിലി പ്പച്ചനെ ശുശ്രൂഷകളിൽ സഹായിക്കാൻ സഹവികാരിയായി ഈ കാല യളവിൽ ബഹു. സാമുവേൽ പനച്ചവിള ഒ.ഐ.സി. അച്ചന്റെ സാന്നിധ്യം ഇടവകയിൽ ഉണ്ടായിരുന്നു. ഇടവകയുടെ സമുന്നതമായ വളർച്ചയ്ക്ക് അദ്ദേഹത്തിന്റെ ത്യാഗവും, ആത്മാർത്ഥമായ സമർപ്പണവും ഉണ്ടായി രുന്നു. ബഹു. ഫിലിപ്പ് അച്ചന്റെ ധന്യമായ ശുശ്രൂഷയെ തുടർന്ന് 2019 ൽ ബഹു. ക്രിസ്റ്റി ജോൺ ഒ.ഐ.സി. അച്ചൻ ഇടവകയുടെ വികാരി യായി ചുമതലയേറ്റു. അദ്ദേഹത്തിന്റെ പ്രാർത്ഥനാപൂർണ്ണമായ ജീവിതം ഇടവക കൂട്ടായ്മയ്ക്ക് എക്കാലവും മാതൃകയും പ്രചോദനവുമാണെ ന്നത് നിസ്സംശയം പറയാം.

ഈ ഇടവകയെ വളർച്ചയുടെ ഉന്നത ശ്രേണിയിലേക്ക് നയിക്കു വാൻ ഇടയന്മാരായി പ്രവർത്തിച്ച മിശിഹാനുകരണ സന്യാസ സമൂ ഹത്തോട് വലഞ്ചുഴി മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയ ത്തിലെ വിശ്വാസികൾക്കുള്ള ആത്മബന്ധം പറഞ്ഞറിയിക്കാൻ സാധി ക്കാത്തതാണ്. നിരവധി പ്രതിസന്ധികളിലൂടെ കടന്നുപോയ അവസ രങ്ങളിലെല്ലാം ഇടവകയെ ചേർത്ത് നിർത്തുന്നതിൽ ബഥനി സന്യാസ സമൂഹം ശ്രദ്ധാലുക്കളായിരുന്നു. ഈ ദൈവാലയത്തെ സമഗ്രമായ വളർച്ചയിലേക്ക് നയിച്ച ബഥനിയോടുള്ള നന്ദിയും കടപ്പാടും കേവലം വാക്കുകളിൽ വരച്ചുകാട്ടാനാവുന്നതല്ല.

ബഥനി സന്യാസ വൈദീകരുടെ സ്തുത്യർഹമായ ശുശ്രൂഷ കൾക്ക് ശേഷം രൂപതാ വൈദീകരുടെ പ്രതിനിധിയായി 2020 ജൂൺ 20 ന് റവ. ഫാ. റോബിൻ കലതിവിളയിൽ ഈ ഇടവകയുടെ ചുതലയേ റ്റു. ലോകമെങ്ങും കോവിഡ് ഭീതിയിൽ വിറങ്ങലിച്ചു നിൽക്കുമ്പോഴും തന്റെ ഇടവക മക്കൾക്ക് ആത്മീയ ശുശ്രൂഷകൾ നൽകുന്നതിൽ അദ്ദേഹം വിമുഖത കാണിച്ചില്ല. ഇടവകയ്ക്ക് ഏറെ അത്യന്താപേക്ഷിതമായ മികച്ച ഒരു ജനറേറ്റർ സ്ഥാപിക്കുന്നത് അദ്ദേഹത്തിന്റെ കാലത്താണ്. അദ്ദേ ഹത്തിന്റെ സജീവസാന്നിദ്ധ്യം ഇടവകയ്ക്ക് പുത്തൻ ഉണർവ്വ് പകർന്നു നൽകുന്നതായിരുന്നു. അദ്ദേഹത്തെ തുടർന്ന് 2022 ജൂലൈ 31 ന് റവ. ഡോ. സിജോ ജയിംസ് ചരിവുപറമ്പിൽ വലഞ്ചുഴി ഇടവകയുടെ സാര ഥ്യമേറ്റെടുത്തു.

www.malankaralibrary.com

## ഇടവകയിലെ ദൈവവിളികൾ

ഈ ഇടവകയിൽ നിന്നും പൗരോഹിത്യ ദൈവവിളി സ്വീകരിച്ച ആദ്യ വൈദീകൻ ബഹു. സഖറിയാസ് കുഴിപ്പറമ്പിൽ അച്ചനാണ്. ഉന്നതവിജയത്തോടെ സെമിനാരി പഠനം പൂർത്തിയാക്കി 1963 സെപ്റ്റംബർ 21 ന് പൗരോഹിത്യം സ്വീകരിച്ച അച്ചൻ തന്റെ പ്രഥമ ദിവ്യബലി അർപ്പണം നടത്തിയത് വലഞ്ചുഴി ഇടവകയിലാണ്. അദ്ദേഹത്തിന്റെ സഹോദരങ്ങൾ താമസസൗകര്യം പ്രമാണിച്ച് അടുത്തുള്ള പൂങ്കാവ് സെന്റ് മേരീസ് പള്ളിയിലെ അംഗങ്ങളായതിനാൽ, 1999 ജനുവരി 5 ന് മരണമടഞ്ഞ ബഹു. സഖറിയാസ് അച്ചനെ സംസ്ക്കരിച്ചിരിക്കുന്നത് പൂങ്കാവ് ദേവാലയത്തിലാണ്. ഇടവകയിലെ ദൈവവിളികളിൽ ഏറെ ബഹുമാനപ്പെട്ട റവ. ഫാ. ജോർജ്ജ് തോമസ് ഒ.ഐ.സി. ബഥനി മിശിഹാനുകരണ സന്യാസ സമൂഹത്തിലെ വൈദീകനും, റവ. സി. വിനയ എസ്.ഐ.സി., റവ. സി. ഫ്രാൻസീന എസ്.ഐ.സി. എന്നിവർ ബഥനി മശിഹാനുകരണ സന്യാസിനി സമൂഹത്തിലെ സന്യസ്തരുമാണ്. അതോടൊപ്പം ഇടവകയിൽ നിന്ന് ബ്ര. ബിബിൻ ഡേവിഡ് പൂവണ്ണുംവിളയിൽ ഒ.ഐ.സി., ബ്ര. ജെസിൻ പാനിയ്ക്കൽ ഒ.ഐ. സി. എന്നിവർ ബഥനി മിശിഹാനുകരണ സന്യാസ സമൂഹത്തിൽ വൈദിക പരിശീലനം നടത്തുന്നു.

## ഭക്തസംഘടനകൾ

മുൻ തലമുറയുടെ വിശ്വാസതീക്ഷ്ണതയും ക്രൈസ്തവസാക്ഷ്യവും അനേകം കുടുംബങ്ങൾക്കു വലഞ്ചുഴി ഇടവക കൂട്ടായ്മയിലേക്കു കടന്നുവരുന്നതിലേക്കു പ്രചോദനമായി. ഇടവകസമൂഹം പ്രാരംഭഘട്ടത്തിൽ തന്നെ ആത്മീയതയിലും പ്രാർത്ഥനയിലും കൂട്ടായ്മ അനുഭവത്തിലും മുമ്പോട്ടുനീങ്ങി. ഒപ്പം സൺഡേസ്കൂൾ, എം.സി.വൈ. എം., മാതൃവേദി, ലീജിയൻ ഓഫ് മേരി, എം.സി.എ., പ്രാർത്ഥനായോഗങ്ങൾ മുതലായ ഭക്തസംഘടനകൾ സഭയെ സ്നേഹിച്ച്, ശുശ്രൂഷിച്ച് മാതൃകയാകുന്നു എന്നുള്ളത് ഇടവകയെ സംബന്ധിച്ച് ഏറെ ആശ്വാസകരമാണ്. കാരുണ്യഭവനിലെ പൊതിച്ചോർ വിതരണം, രോഗീസന്ദർശനം എന്നിങ്ങനെ വിവിധങ്ങളായ ശുശ്രൂഷകൾക്ക് ഇടവകയിലെ ഭക്തസംഘടനകൾ നേതൃത്വം നൽകുന്നു. പരിമിതമായ സൗകര്യങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് ഭക്തസംഘടനകൾക്ക് നേതൃത്വം നൽകുവാൻ കാലാകാലങ്ങളിലെ വൈദീകരും, ഇടവക മിഷനറിമാരും, വിശ്വാസികളും ശ്രദ്ധിച്ചിരുന്നു. 1970 കളിൽ വിശ്വാസപരിശീലന ശുശ്രൂഷയ്ക്ക് നേതൃത്വം നൽകിയ ബഹു. സാമുവേൽ പുതുപറമ്പിലിനെ കൃതജ്ഞതയോടെ ഓർക്കുന്നു.

www.malankaralibrary.com

അൾത്താര ശുശ്രൂഷകരുടെ ഒരു നീണ്ടനിരതന്നെ ഇപ്പോൾ ഈ ദേവാലയത്തിൽ ഉണ്ട്. ഈ ഇടവകയിൽ എം. സി. തോമസ് കാഞ്ഞിരംനിൽക്കുന്നതിൽ, പി. ജി. ഡാനിയേൽ പടിഞ്ഞാറേമുരുപ്പേൽ എന്നിവർ സുവിശേഷ ശുശ്രൂഷകൾക്കായി പത്തനംതിട്ട ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്തായിൽ നിന്നും കൈവെയ്പ് സ്വീകരിച്ച് സുവിശേഷസംഘം അംഗങ്ങളായി ചുമതലയേറ്റ് ഇടവകയ്ക്ക് അഭിമാനമായി മാറി. ഇടവക കൂട്ടായ്മയുടെ ആത്മീയതൃഷ്ണയെ പരിപോഷിപ്പിക്കുന്നതിൽ കാലാകാലങ്ങളായി കടന്നുവന്ന നല്ല ഇടയൻമാരുടെ നിസ്സീമമായ സേവനവും കൃതജ്ഞതാർഹമാണ്.

## ശതാബ്ദിയിലേക്കുള്ള യാത്രയിൽ വലഞ്ചുഴി ഇടവക

ബഥനി സന്യാസിനി സമൂഹത്തിലെ സിസ്റ്റേഴ്സിന്റെ ശുശ്രൂഷ ഈ ഇടവകയ്ക്ക് വളർച്ചയുടെ പടവുകൾ താണ്ടുവാൻ ഏറെ സഹായകരമായിട്ടുണ്ട് എന്നത് പ്രത്യേകം കൃതജ്ഞതയോടെ ഓർക്കുന്നു. 1970 മുതൽ പുത്തൻപീടിക ബഥനി മഠത്തിൽ നിന്നും ബഥനി സിസ്റ്റേഴ്സ് ഇവിടെ മിഷനറിമാരായി സേവനം അനുഷ്ഠിച്ചിരുന്നു. ബഹുമാനപ്പെട്ട സി. പൗളിൻ എസ്. ഐ. സി., റൂത്ത് എസ്. ഐ. സി., ബസ്മ എസ്. ഐ. സി., ക്ലവർ എസ്. ഐ. സി., തബീത്താ എസ്. ഐ. സി. എന്നിവരുടെ ത്യാഗപൂർണ്ണമായ സേവനം ഇടവകയ്ക്ക് ഒരിക്കലും മറക്കാൻ കഴിയുന്നതല്ല. ഇടവക സമൂഹത്തിന്റെ ആത്മീയമായ ആവശ്യങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് പ്രവർത്തിക്കാനും, പഠിപ്പിക്കാനും, മിഷൻ പ്രവർത്തനം ചെയ്യാനും ഇടവകയിൽ ഇപ്പോൾ ശുശ്രൂഷ ചെയ്യുന്ന വിൻസെൻഷ്യൻ സിസ്റ്റേഴ്സിന് കഴിയുന്നു എന്ന് നിസ്സംശയം പറയാം. 2001 മുതൽ ഇടവകയിലെ മതബോധനത്തിനും മറ്റ് ആത്മീയ ശുശ്രൂഷകൾക്കും പത്തനംതിട്ട സ്നേഹഭവനിൽ നിന്നും എത്തുന്ന വിൻസെൻഷ്യൻ സിസ്റ്റേഴ്സ് നേതൃത്വം നൽകിവരുന്നു. ബഹുമാനപ്പെട്ട സി. ആൻപോൾ എസ്.സി.വി., സി. ജെസ്മിൻ എസ്.സി.വി., സി. ഗ്ലാഡിസ് എസ്.സി.വി., സി. ജെയ്സി എസ്.സി.വി., സി. ട്രീസാ എസ്.സി.വി., സി. റീന എസ്.സി.വി., സി. മെർലി എസ്.സി.വി. എന്നിവരുടെ സ്തുത്യർഹമായ ശുശ്രൂഷയെ ഇടവക ഇത്തരുണത്തിൽ നന്ദിയോടെ ഓർക്കുന്നു. 2007 മുതൽ ബഹു. സി. മരിയ സ്കൊളാസ്റ്റിക്ക എസ്.സി.വി. വലഞ്ചുഴി ഇടവകയുടെ മിഷനറിയായി സേവനം അനുഷ്ഠിക്കുന്നു.

www.malankaralibrary.com

വലഞ്ചുഴി ഇടവകയോട് എന്നും ചേർന്നു നിൽക്കുന്ന പൂങ്കാവ് ഇടവകയുടെ വികാരി ആയിരിക്കെയാണ് ബഹു. സിജോ അച്ചൻ ഈ ഇടവകയുടെ വികാരിയായി ചുമതലയേറ്റത്. പത്തനംതിട്ട ഭദ്രാസനത്തിലെ മൈനർ സെമിനാരിയും കൂടി അച്ചനെ ഏൽപ്പിച്ചപ്പോൾ, ശുശ്രൂഷകളിൽ അച്ചനെ സഹായിക്കാൻ ഒരു സഹവികാരിയെക്കൂടി അഭിവന്ദ്യ പിതാവ് നിയമിച്ചു. അങ്ങനെ, വലഞ്ചുഴി ഇടവകയുടെ സഹവികാരിയായി ബഹു. ജസ്റ്റിൻ പരുവപ്ലാക്കലച്ചൻ 2023 ഏപ്രിൽ 30 ന് ചുമതലയേറ്റു. ബഹുമാനപ്പെട്ട അച്ചന്റെ നിസ്തുല സേവനവും കർമ്മനിരതമായ ശുശ്രൂഷകളും ഇടവകയ്ക്ക് പുത്തൻ ഉണർവ്വ് പ്രദാനം ചെയ്യുന്നു. ഇടവകയുടെ സൺഡേസ്കൂൾ കെട്ടിടം കൂടുതൽ മെച്ചപ്പെടുത്തുന്നതും, ഇടവക ചരിത്രം ഉൾപ്പെടുത്തി ഒരു ഇടവക ഡയറക്ടറി പ്രസിദ്ധീകരിക്കുന്നതും ഈ വൈദീകരുടെ കാലഘട്ടത്തിലാണ്.

## ഉപസംഹാരം

ഒരു ചെറിയ കൂട്ടായ്മയിൽ നിന്നു തുടങ്ങിയ വലഞ്ചുഴി ഇടവക ബാല്യവും യൗവനവും പിന്നിട്ട് ഇന്ന് 101 കുടുംബങ്ങളുള്ള ഒരു വലിയ ഇടവകസമൂഹമായി വളർന്നു പന്തലിച്ചിരിക്കുന്നു. ഇത്രമേൽ ഇടവക എത്തിച്ചേരത്തക്കവിധം പൂർവ്വീകർ ഏറ്റെടുത്ത ത്യാഗവും, സഹിച്ച കഷ്ടതയും, അപമാനവും, ഒറ്റപ്പെടുത്തലുകളുമൊന്നും പുതുതലമുറ വിസ്മൃതിയിൽ തള്ളരുത്. കാലാകാലങ്ങളിൽ സഭയെ സ്നേഹിച്ച് ശുശ്രൂഷിച്ച ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്ത, ബനഡിക്ട് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത, ലോറൻസ് മാർ അപ്രേം മെത്രാപ്പോലീത്ത, സിറിൽ മാർ ബസേലിയോസ് കാതോലിക്കാ ബാവാ എന്നീ പിതാക്കന്മാരുടെ പ്രാർത്ഥനയും, പ്രോത്സാഹനവും, സഹായവും ഇടവകയുടെ 92 വർഷങ്ങളിലെ വളർച്ചയിൽ നിത്യസ്മാരകങ്ങളത്രെ. ഏകദേശം 25 ഓളം വരുന്ന വൈദീകശ്രേഷ്ഠരുടെ നിസ്തുലസേവനവും ബഥനി, വിൻസെൻഷ്യൻ സിസ്റ്റേഴ്സിന്റെ ശുശ്രൂഷാമനോഭാവവും ആത്മീയ തീക്ഷ്ണതയും ഈ ഇടവകയ്ക്കു വളർച്ചയുടെ പടവുകൾ താണ്ടുവാൻ ഏറെ സഹായകരമായിത്തീർന്നിട്ടുണ്ട്.

മലങ്കര സഭയുടെ തലവനും പിതാവുമായ കർദ്ദിനാൾ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവായുടെ സവിശേഷമായ നേതൃത്വവും, പത്തനംതിട്ട രൂപതയുടെ പ്രഥമ ഇടയൻ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്തായുടെയും, രൂപ

www.malankaralibrary.com

താദ്ധ്യക്ഷൻ അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്തായുടെയും പ്രാർത്ഥനയും പ്രോത്സാഹനവും പ്രത്യേകമാം വിധം വലംഞ്ചുഴി ഇടവകയ്ക്ക് സംലഭ്യമായിക്കൊണ്ടിരിക്കുന്നു എന്നതിൽ ഏറെ അഭിമാനിക്കാം. ആധുനിക സംസ്ക്കാരത്തിന്റ കുത്തൊഴുക്കിലും വിശ്വാസത്തെ മുറുകെപ്പിടിക്കുവാൻ ഈ സമൂഹത്തെ പഠിപ്പിച്ച ഏവരേയും നന്ദിയോടെ സ്മരിക്കുന്നു. ഇടവകയുടെ ശക്തമായ വളർച്ചയ്ക്ക് ഗണ്യമായ പങ്കുവഹിച്ച മൺമറഞ്ഞ എല്ലാ ഇടവകഅംഗങ്ങളേയും ഇത്തരുണത്തിൽ കൃതജ്ഞതയോടെ സ്മരിക്കുന്നു.

ഒൻപതു പതിറ്റാണ്ടുകാലം ദൈവാലയത്തെ കൈപിടിച്ചു നടത്തിയ പ്രതിസന്ധികളിൽ തണലായും സങ്കടങ്ങളിൽ തൂണായും സന്തോഷങ്ങളിൽ വെളിച്ചമായുമൊക്കെ നമ്മെ നടത്തിയ തമ്പുരാന്റെ സന്നിധിയിൽ നമുക്കു ശിരസ്സ് നമിക്കാം. ഇവിടെ നിന്നുയരുന്ന പ്രാർത്ഥനകൾക്കു നേരെ എന്റെ കണ്ണും കാതും ജാഗരൂകമായിരിക്കും എന്ന പിതാവിന്റെ വാഗ്ദാനം ചരിത്രമുറങ്ങുന്ന വലഞ്ചുഴിയുടെ മണ്ണിൽ സാർത്ഥകമാകുന്നതിൽ ദൈവത്തിന് നന്ദിയർപ്പിക്കാം........!

NB : ലഭ്യമായ പരിമിതവിവരങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള ഈ ഇടവക ചരിത്രത്തിലെ ചില തീയതികൾക്ക് അവ്യക്തതയുണ്ട്.

www.malankaralibrary.com

# ഓർമ്മയിൽ എന്റെ ആദ്യപള്ളി













www.malankaralibrary.com

# ദൈവാലയ കൂദാശ
















www.malankaralibrary.com

# ദൈവാലയ കൂദാശ

















www.malankaralibrary.com

# ദൈവാലയ കൂദാശ










www.malankaralibrary.com



ശതാബ്ദിയിലേക്കുള്ള യാത്രയിൽ
എന്റെ ദൈവാലയം



നവീകരിച്ച ഓഫീസ് കെട്ടിടം



സെന്റ് തോമസ് കുരിശ്ശടി

www.malankaralibrary.com

# അഭിവന്ദ്യ പിതാക്കന്മാരോടൊപ്പം















www.malankaralibrary.com

# വന്ദ്യ വൈദീകരോടൊപ്പം













www.malankaralibrary.com

# ഇടവക പെരുന്നാൾ
















www.malankaralibrary.com

# വിശ്വാസ പരിശീലനം
















www.malankaralibrary.com

# യുവജന സഭ










www.malankaralibrary.com

# ആഘോഷങ്ങൾ









www.malankaralibrary.com

# ഇടവക ദിനം 2023














www.malankaralibrary.com

# ഇടവക ദിനം 2023















www.malankaralibrary.com

# ഇടവക ദിനം 2023







www.malankaralibrary.com



## രൂപതാ ദിനാഘോഷം - 2024





തമിഴ്നാട് അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയിൽ
നിന്നും അഗ്രികൾച്ചറൽ സയൻസിൽ
ഡോക്ടറേറ്റ് കരസ്ഥമാക്കിയ
**ഡോ. ജൂബി ബേബി ചരിവുകാലായിൽ**



മധുരച്ചുവപ്പ് : പതാലിൽ ജോൺ ബാബുവിന്റെ ഡ്രാഗൺ പഴകൃഷി

www.malankaralibrary.com

# Trash to Art










Jemsin Jose









Noel Saji

**ഉപ്പ്കല്ലുകൊണ്ട്
നിർമ്മിച്ച
കഥകളി രൂപം**

www.malankaralibrary.com



Able Offset PDM # 9349803801